# 6 ജൂൺ 2010

# പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായർ

# ലൂക്കാ 9:1-6

**ഫാ. ഗീവർഗീസ് കൈതവന**

"ഉന്നതത്തിൽ നിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ വസിക്കുവിൻ" (24:49) എന്നരുളിച്ചെയ്ത ഉത്ഥിതൻ പരിശുദ്ധാത്മാഭിഷേകത്തിനുശേഷം, ദൈവരാജ്യത്തിന്റെ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുക്കപ്പെട്ടവരെ ലോകത്തിന്റെ അതിർത്തികൾ വരെ അയയ്ക്കുന്നതിനു മുന്നോടിയായ പരിശീലന യാത്രയും ആ യാത്രയിൽ ശ്രദ്ധിക്കേണ്ട ഘടകങ്ങളുമാണ് ഈ ഞായറാഴ്ചത്തെ ചിന്താവിഷയം. ഗലീലി ശുശ്രൂഷയുടെ ആരംഭത്തിൽ (6:12-16) പന്ത്രണ്ട് അപ്പസ്തോലന്മാരെ തെരഞ്ഞെടുക്കുന്ന ഈശോ, ഗലീലി ശുശ്രൂഷയുടെ അവസാന ഭാഗത്ത് (9:1-50), തെരഞ്ഞെടുത്തവരെ വ്യക്തമായ ഉദ്ദേശത്തോടുകൂടി അയയ്ക്കുന്നതായി നമുക്കു കാണാം.

ഇന്നത്തെ വായനകൾ എല്ലാം പൊതുവായ ഒരു ദർശനം നമുക്കു നൽകുന്നുണ്ട്. ദൈവത്തിന്റെ തെരഞ്ഞെടുപ്പും അതിനു യോഗ്യമായ രീതിയിലുള്ള പ്രതികരണവും പ്രവർത്തനവുമാണ് പൊതുവെയുള്ള ചിന്താവിഷയം.

**1. തെരഞ്ഞെടുക്കുന്നതാര് ?**

ഇന്നത്തെ പഴയനിയമ വായനകൾ ഇതിനുത്തരം മനോഹരമായി നൽകുന്നു. ദൈവദൂതൻ ഏലിയോടു പറയുന്നു; "എനിക്കുവേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തെരഞ്ഞെടുക്കും. എന്റെ ഹൃദയാഭിലാഷമനുസരിച്ച് അവൻ പ്രവർത്തിക്കും"(1 സാമു 2:35). ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നാമിതിന്റെ ആഴങ്ങൾ ശ്രവിക്കുന്നു. "ഗർഭത്തിൽതന്നെ എന്നെ കർത്താവു വിളിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ എന്നെ നാമകരണം ചെയ്തു" (ഏശ 49:1). ഈ തെരഞ്ഞെടുപ്പിന്റെ പൂർണതയാണ് ക്രിസ്തു നടത്തുന്നതും. പുരോഹിതവർഷം അവസാനിക്കുമ്പോൾ, സഭ ഒരിക്കൽകൂടി ശിഷ്യത്വത്തിന്റെ ഉറവിടത്തെക്കുറിച്ചും ബോധ്യം നൽകുന്നു, എല്ലാ തിരഞ്ഞെടുപ്പും ദൈവത്തിൽ നിന്നാണ്. കോറഹിനോട് മോശ ചോദിക്കുന്ന ചോദ്യം ഈ തെരഞ്ഞെടുപ്പിൽ പ്രസക്തമാണ്. "കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷചെയ്യാനും സമൂഹത്തിന്റെ മുന്നിൽ സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ജനസമൂഹത്തിൽ നിന്ന് നിങ്ങളെ വേർതിരിച്ചത് നിസ്സാര കാര്യമാണോ?" (സംഖ്യ 16:19). ദൈവമാണ് ഈ വേർതിരിക്കലിന്റെ കാരണം.

**2. തെരഞ്ഞെടുക്കപ്പെട്ടവന്റെ ലക്ഷണം - വിശുദ്ധൻ**

തെരഞ്ഞെടുക്കപ്പെട്ടവൻ വിശ്വസ്തനായിരിക്കും. തെരഞ്ഞെടുത്തവന്റെ ഹൃദയാഭിലാഷമനുസരിച്ച് പ്രവർത്തിക്കുന്നവനായിരിക്കും. "എനിക്കുവേണ്ടി വിശ്വസ്തനായ ഒരു പുരോഹിതനെ ഞാൻ തെരഞ്ഞെടുക്കും. എന്റെ ഹൃദയാഭിലാഷമനുസരിച്ച് അവൻ പ്രവർത്തിക്കും"(1സാമു 2:35). സംഖ്യാ പുസ്തകം ഓർമ്മിപ്പിക്കുന്നു, ഇപ്രകാരം തെരഞ്ഞെ

ടുക്കപ്പെട്ടവൻ വിശുദ്ധൻ ആയിരിക്കും. “കർത്താവു തെരഞ്ഞെടുക്കുന്നവനായിരിക്കും വിശുദ്ധൻ ”(സംഖ്യ 16:7). പുതിയനിയമത്തിൽ ക്രിസ്തു രഹസ്യങ്ങളോടു ചേർന്നു നടന്നിട്ടുള്ളവനാണ് തെരഞ്ഞെടുക്കപ്പെടുന്നത്. അവനുമാത്രമേ, ക്രിസ്തുവിന്റെ ഹൃദയം വെളിപ്പെടുത്താനാകൂ. അതിനാലാണ് മത്തിയാസിന്റെ തെരഞ്ഞെടുപ്പുവേളയിൽ ഈ നിബന്ധന വച്ചത്. “കർത്താവായ യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്തിന് ഒരാൾ ഞങ്ങളോടൊപ്പം സാക്ഷിയായിരിക്കണം. യോഹന്നാന്റെ സ്നാനം മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, യേശു നമ്മോടൊപ്പം സഞ്ചരിച്ച കാലം മുഴുവനും, നമ്മുടെ കൂടെ ഉണ്ടായിരുന്നവരിൽ ഒരുവനുമായിരിക്കണം അവൻ”(അ. പ്ര.1:22-23). അവർക്കേ വിശുദ്ധനാകാൻ സാധിക്കൂ. ചുരുക്കത്തിൽ ദൈവത്തോടു ചേർന്നു നിൽക്കുവാനും അവന്റെ ഹൃദയത്തോട് ഒട്ടിയിരിക്കുന്നുവനും വിശ്വസ്തനുമായിരിക്കണം തെരഞ്ഞെടുക്കപ്പെട്ടവൻ. ക്രിസ്തുവിന്റെ ജീവിതവഴികളിലൂടെ സഞ്ചരിക്കുന്നവൻ.

**3. തെരഞ്ഞെടുക്കപ്പെട്ടവന്റെ ലക്ഷ്യം**

തെരഞ്ഞെടുപ്പിന്റെ ലക്ഷ്യത്തിൽ പുതിയ നിയമവും പഴയ നിയമവും ഒരുമിക്കുന്നതായി ഇന്നത്തെ വായനകളിൽ വ്യക്തമാകുന്നു. തെരഞ്ഞെടുക്കുന്നതിന്റെ ലക്ഷ്യം ഏശയ്യായോടു ദൈവം അരുളിച്ചെയ്യുന്നു, “എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും” (ഏശ 49:6). ക്രിസ്തുവാകട്ടെ ആ പന്ത്രണ്ടു പേരെയും വിളിച്ച് സകല പിശാചുക്കളുടെയുംമേൽ അധികാരവും ശക്തിയും നൽകുകയും ദൈവരാജ്യം പ്രസംഗിപ്പാനും രോഗികളെ സുഖപ്പെടുത്താനുമായി അവരെ അയച്ചു (ലൂക്കാ 9:1). ഒരുവനെ അന്ധകാരത്തിന്റെ വലയത്തിൽനിന്ന് പ്രകാശത്തിന്റെ സമൃദ്ധിയിലേക്കു കൊണ്ടുവരുന്നു.

**4. തെരഞ്ഞെടുക്കപ്പെട്ടവന്റെ വെല്ലുവിളി**

തെരഞ്ഞെടുക്കപ്പെട്ടവന്റെ വിളി ഒരു വെല്ലുവിളിയായി വി. പൗലോസ് ശ്ലീഹാ ചിത്രീകരിക്കുന്നു. “നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റി ചിന്തിക്കുവിൻ”(1കൊറി 1:26).“അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്”(തെസ 4:7). ഭോഷന്മാരും അശക്തരും നിസാരങ്ങളുമായവയെ ദൈവം തെരഞ്ഞെടുത്തത് ആരും ദൈവസന്നിധിയിൽ അഹങ്കരിക്കാതിരിക്കാനാണ്. തന്റെ കഴിവും സാമർത്ഥ്യവും കൊണ്ടാണ് തെരഞ്ഞെടുക്കപ്പെട്ടതെന്ന് സമർത്ഥിക്കാതിരിക്കാനാണ്. ചുരുക്കത്തിൽ തെരഞ്ഞെടുക്കപ്പെട്ടവൻ ദൈവത്തിന്റെ മാത്രം അവകാശമാണ്. മറ്റാർക്കും മറ്റൊന്നിനും ഒരു അവകാശവുമില്ല. ചുരുക്കത്തിൽ അവന്റെ തെരഞ്ഞെടുപ്പ് മരണംവരെ അവനൊരു വെല്ലുവിളിയാണ്.

**4. തെരഞ്ഞെടുക്കപ്പെട്ടവന്റെ ആശ്രയം**

“യാത്രയ്ക്ക് വടിയോ സഞ്ചിയോ പണമോ അപ്പമോ എടുക്കരുത്. രണ്ടുടുപ്പും ഉണ്ടായിരിക്കരുത്”(ലൂക്കാ 9:6). തെരഞ്ഞെടുക്കപ്പെട്ടവന്റെ ജോലി “ഗ്രാമങ്ങൾ തോറും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും എല്ലായിടത്തും രോഗശാന്തി നൽകുകയുമാണ്”(9:6). “ If the selected ones are faithfull to their mission, then God will be faithful to their lives”. ദൈവപരിപാലനയിൽ ആശ്രയിക്കുക എന്നർത്ഥം. ഏശയ്യാ പറയുന്നു, “എന്റെ അവകാശം കർത്താവിലും പ്രതിഫലം ദൈവത്തിലുമാണ്”(49:4). മൺമയമായവയിലല്ല അവന്റെ ആശ്രയം. അതിലുപരി തെരഞ്ഞെടുക്കപ്പെട്ടവന്റെ മടിയിലുറങ്ങുകയും ആ കൈകളിലേക്കുണരുകയും ചെയ്യുകയെന്നതാണ്, നമ്മുടെ ദൈവവിളി.